**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2698** **24-06-2024 - ൽ മറുപടിയ്ക്ക്**

**ബോട്ട് മാസ്റ്റർ ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | തുറമുഖ വകുപ്പ് വഴി നിലവിൽ പുതുക്കി നൽകുന്ന ലൈസൻസുകൾ ഏതെല്ലാം എന്ന് വിശദമാക്കാമോ; | (എ) | കേരള ഇൻലാൻഡ് വെസ്സൽ റൂൾസ് 2010 പ്രകാരമുള്ള<br><br>1) Certificate of Competency as Master/ Serang / Lascar / Engineer / Engine Driver<br><br>2) Certificate of Competency as Serang cum Driver to man a vessel with engine of less than 75 BHP<br><br>3) Certificate of Service as Boat Master/ Boat Serang/ Boat Driver/ Boat Lascar<br><br>4) Certificate of Service as Master/Serang/Engine Driver / Lascar for Ex-Army / Navy / Coastguard Personnel<br><br>5) Certificate of Competency Master/Serang/ Engineer / Engine Driver for personnel having certificate issued under Merchant Shipping Act 1958.<br><br>എന്നിവ പുതുക്കി നൽകി വന്നിരുന്നു .കേന്ദ്ര നിയമമായ 2021 ലെ ഉൾനാടൻ ജലഗതാഗത നിയമവും (Inland Vssels Act-2021) 2022-ലെ ഉൾനാടൻ ജലഗതാഗത (മാനിങ്) റൂളും അനുസരിച്ച് നിലവിലുള്ള എല്ലാ സർട്ടിഫിക്കറ്റുകളും റൂളിൽ നിഷ്കർഷിച്ചിട്ടുള്ള പരിശീലന പരിപാടികളിൽ പങ്കെടുത്ത ശേഷം പുതിയ നിയമത്തിലേക്ക് 2 വർഷത്തിനകം മാറേണ്ടതുണ്ട്. എന്നാൽ നിലവിൽ സർട്ടിഫിക്കറ്റുള്ള എല്ലാ പേർക്കും ഇതിനായുള്ള സാവകാശം ഇതുവരെ ലഭിക്കാത്തതിനാലും ആവശ്യത്തിനുള്ള ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഒരു സംസ്ഥാനങ്ങളും തുടങ്ങിയിട്ടില്ലാത്തതിനാലും ഈ തീയതി നീട്ടി കിട്ടുവാൻ കേന്ദ്ര സർക്കാരുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു. ബഹു.കേരളാ ഹൈക്കോടതിയിലെ കേസിലെ ഇടക്കാല വിധിയിലും നിലവിലുള്ള സട്ടിഫിക്കറ്റുകൾ വാലിഡ് ആയിരിക്കു മെന്ന് ഉത്തരവിട്ടിട്ടുണ്ട്. കേരള ഇൻലാൻഡ് വെസ്സൽ റൂൾസ് 2010 പ്രകാരം നൽകിയിട്ടുള്ള കോംപീറ്റൻസി സർട്ടിഫിക്കറ്റുകൾ ഒരു വർഷത്തേക്ക് കൂടി പുതുക്കി നൽകുവാൻ കേരള മാരിടൈം ബോർഡും തീരുമാനമെടുത്തിട്ടുണ്ട്.<br><br>ഇൻലാൻഡ് വെസ്സൽ ആക്ട് 2021, ഇൻലാൻഡ് വെസ്സൽ (മാനിംഗ്) റൂൾസ് 2022 എന്നിവ പ്രകാരം ചുവടെ ചേർക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ നിലവിലുള്ളൂ.<br><br>**Deckside:**<br><br>1. Certificate of Competency as Mater I<br><br>2. Certificate of Competency as Mater II<br><br>3. Certificate of Competency as Mater III (Serang)<br><br>**Engine Side:**<br><br>1. Certificate of Competency as Engineer<br><br>2. Certificate of Competency as Engine Driver I<br><br>3. Certificate of Competency as Engine Driver II<br><br>കൂടാതെ Lascar നു പകരമായി G P RATING കോഴ്സും ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>നിലവിൽ കേരള ഇൻലാൻഡ് വെസ്സൽ റൂൾസ് 2010 പ്രകാരം നൽകിയിട്ടുള്ള കോംപിറ്റൻസി സർട്ടിഫി ക്കറ്റുകൾ ഒരു വർഷത്തേക്ക് കൂടി പുതുക്കി നൽകുവാൻ കേരള മാരിടൈം ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) | ജലഗതാഗത വകുപ്പിൽ മാത്രം ഉപയോഗിക്കുന്ന ബോട്ട് മാസ്റ്റർ ലൈസൻസ് നിലവിൽ നൽകുന്നതും പുതുക്കുന്നതും തുറമുഖ വകുപ്പാണോയെന്നു വ്യക്തമാക്കുമോ ; | (ബി) | ബോട്ട് മാസ്റ്റർ ലൈസൻസ് തുറമുഖ വകുപ്പോ കേരളാ മാരിടൈം ബോർഡോ പുതിയതായി നൽകുന്നില്ല. ഇറിഗേഷൻ വകുപ്പ് മുഖേന നൽകിയിരുന്ന 'ബോട്ട് മാസ്റ്റർ ലൈസൻസ്' പുതുക്കി നൽകുവാൻ 2017 വരെ തുറമുഖ വകുപ്പിനെ ചുമതലപ്പെടുത്തി ഉത്തരവായി രുന്നു. അതിൻപ്രകാരം 2017 വരെ ബോട്ട് മാസ്റ്റർ ലൈസൻസ് കൈവശമുണ്ടായിരുന്നവർക്ക് കെ.ഐ.വി റൂൾ പ്രകാരമുള്ള 'സർട്ടിഫിക്കറ്റ് ഓഫ് സർവീസ് ആസ് ബോട്ട് മാസ്റ്റർ'' എന്ന സർട്ടിഫിക്കറ്റ് നൽകിയിരുന്നു. എന്നാൽ ഇത്തരത്തിൽ കെ.ഐ.വി റൂൾ പ്രകാരമുള്ള സർട്ടിഫിക്കറ്റിലേക്ക് മാറുവാനുള്ള സമയപരിധി |

| | | | |
|---|---|---|---|
| | | | 06.12.2017 സർക്കാർ ഉത്തരവ് പ്രകാരം ആറ് മാസം കൂടി ദീർഘിപ്പിച്ച ശേഷം ഇത്തരം സർട്ടിഫിക്കറ്റുകൾ നൽകുവാൻ വ്യവസ്ഥയില്ല. |
| (സി) | ഇറിഗേഷൻ വകുപ്പ് മുഖേന നൽകിയിരുന്ന ബോട്ട് മാസ്റ്റർ ലൈസൻസ് തുറമുഖ വകുപ്പ് മുഖേന നൽകണമെന്ന് കെ.ഐ.വി. റൂളിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനായി പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ ? | (സി) | ബോട്ട് മാസ്റ്റർ ലൈസൻസ് തുറമുഖ വകുപ്പോ കേരളാ മാരിടൈം ബോർഡോ പുതിയതായി നൽകുന്നില്ല. ഇറിഗേഷൻ വകുപ്പ് മുഖേന നൽകിയിരുന്ന 'ബോട്ട് മാസ്റ്റർ ലൈസൻസ്' പുതുക്കി നൽകുവാൻ 2017 വരെ തുറമുഖ വകുപ്പിനെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. അതിൻപ്രകാരം 2017 വരെ ബോട്ട് മാസ്റ്റർ ലൈസൻസ് കൈവശമുണ്ടായിരുന്നവർക്ക് കെ.ഐ.വി റൂൾ പ്രകാരമുള്ള 'സർട്ടിഫിക്കറ്റ് ഓഫ് സർവീസ് ആസ് ബോട്ട് മാസ്റ്റർ'' എന്ന സർട്ടിഫിക്കറ്റ് നൽകിയിരുന്നു. എന്നാൽ ഇത്തരത്തിൽ കെ.ഐ.വി റൂൾ പ്രകാരമുള്ള സർട്ടിഫിക്കറ്റിലേക്ക് മാറുവാനുള്ള സമയപരിധി 06.12.2017 സർക്കാർ ഉത്തരവ് പ്രകാരം ആറ് മാസം കൂടി ദീർഘിപ്പിച്ച ശേഷം ഇത്തരം സർട്ടിഫിക്കറ്റുകൾ നൽകുവാൻ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ